ഡി26–14710/17 തിയതി.04.05.2019

## സർക്കുലർ നം. 23/18 (ഭേദഗതി)

വിഷയം:–സപ്ലൈകോ–ജീവനക്കാര്യം–സർവ്വീസ് രേഖകൾ സൂക്ഷിക്കലും ആയതിന്റെ പരിശോധനയും ആധികാരികത ഉറപ്പു വരുത്തലും ചെയ്യുന്നത്–സംബന്ധിച്ച്:

സൂചന:–1) 20.12.2018 തീയതിയിലെ സർക്കുലർ നം. 23/18.

2) 31.01.2019 ലെ സർക്കാരിൽ നിന്നുള്ള നം. FCSD–C3/22/2019/FCSD കത്ത്. (11.01.2019–ലെ സപ്ലൈകോ എംപ്ലോയീസ് അസോസിയേഷൻ (AITU) ജനറൽ സെക്രട്ടറിയുടെ അപേക്ഷ)

3) 05.02.2019 ലെ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ (CITU) ന്റെ അപേക്ഷ.

4) 26.04.2019 ലെ അഡീഷണൽ ജനറൽ മാനേജർ (പി&എ) യുടെ നം. ഡി20/3531/19 ആഭ്യന്തരക്കുറിപ്പ്.

*********

സൂചന (1) പ്രകാരം മേൽ വിഷയത്തിൽ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലറിന്റെ ക്രമ നമ്പർ 05 ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ആയിരുന്നു.

ക്രമ നം. 05: മാസവില്പനയുടെ അടിസ്ഥാനത്തിൽ മാത്രമേ ഔട്ട് ലെറ്റുകളിൽ ജീവനക്കാരെ നിയമിക്കാവൂ. വിൽപ്പനകൂടിയ ഔട്ട് ലെറ്റുകളിൽ കച്ചവടത്തിന്റെ ഗൗരവം കണക്കിലെടുത്ത് താഴെ പറയും പ്രകാരം റാങ്ക് അനുസരിച്ച് ജീവനക്കാരെ നിയമിക്കേണ്ടതാണ്.

| പ്രതിമാസ വിൽപ്പന | ഓഫീസർ ഇൻ ചാർജ്ജിന്റെ റാങ്ക് |
|---|---|
| 5 ലക്ഷം വരെ | അസിസ്റ്റന്റ് സെയിൽസ്മാൻ |
| 5 മുതൽ 10 ലക്ഷം വരെ | ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് II |
| 10 ലക്ഷത്തിനുമുകളിൽ | സീനിയർ അസിസ്റ്റന്റ് I |

എന്നാൽ ക്രമ നമ്പർ 05 പ്രകാരമുള്ള നിർദ്ദേശം റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യുന്നതിനായി സൂചന (2), (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

ടി വിഷയത്തെക്കുറിച്ചുള്ള വിശദമായ പഠനത്തിന്റേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ സർക്കുലർ 23/18 ലെ ക്രമ നമ്പർ 05 ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

**"സപ്ലൈകോ ഔട്ട് ലെറ്റ് ഇൻ–ചാർജ്ജ്മാരായി ഡെപ്യൂട്ടേഷൻ സ്റ്റാഫ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നത് ജീവനക്കാരുടെ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തന ദൈർഘ്യവും പ്രവർത്തന മികവും കണക്കിലെടുത്തുകൊണ്ടായിരിക്കണം"**

**ഒപ്പ്**
**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

പകർപ്പ്: 1) കേന്ദ്രകാര്യാലയത്തിലെ എല്ലാ വകുപ്പ് മേധാവികൾക്കും
2) എല്ലാ മേഖലാ മാനേജർമാർക്കും
3) എല്ലാ ഡിപ്പോ മാനേജർമാർക്കും
4) കരുതൽ ശേഖരം
5) കുടുതൽ പകർപ്പുകൾ